# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

🌸അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
🌸 ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
🌸താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

🌸സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
🌸കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
🌸വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
🌸 രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
🌸പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
🌸 ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
🌸അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

🌸റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
🌸ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
🌸സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
🌸പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
🌸ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
🌸എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
🌸 രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
🌸ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
🌸ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
🌸 സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
🌸 ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
🌸 അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
🌸 വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
🌸 കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

🌸വായനോത്സവം സംഘടിപ്പിക്കുന്നു.
🌸 ആസ്വാദ്യകരമായ വായന നടത്തുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
🌸 രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

🌸 കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
🌸 തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
🌸 കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
🌸സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
🌸 കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
🌸 ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
🌸കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

🌸 ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
🌸 കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
🌸ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
🌸 സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

🌸 കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
🌸വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
🌸 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

🌸 കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
🌸 കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർടുകളായി മാറ്റിയിട്ടുണ്ട്.
🌸 രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
🌸 കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
🌸 സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
🌸 സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
🌸 സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
🌸 ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
🌸 എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- 🌸 Respond to simple instructions in the classroom.
- 🌸 Describe orally about the pictures and objects.
- 🌸 Familiarise with simple words.
- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Familiarise the names of birds, animals, their young ones and identifies them from pictures.

June

- 🌸 Introduce symbol words.
- 🌸 Provides picture cards.

July

- 🌸 Identify familiar words.
- 🌸 Say familiar words.
- 🌸 Read familiar words.
- 🌸 Write familiar words.

August

- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Describes orally about pictures and objects using adjectives.

September

- 🌸 Read and write simple words and Simple sentences
- 🌸 Provides picture cards and reading cards.

October

- 🌸 Introduce symbol picture descriptions.
- 🌸 Make word chain, sentence chain.
- 🌸 Make riddles.
- 🌸 Describing words, rhyming words.
- 🌸 Text book activities.

November

- 🌸 Prepare reading cards.
- 🌸 Provide more opportunities to read, right and speak English.
- 🌸 Writes five English words daily.

December

- 🌸 Read and understand simple instructions in the classroom.
- 🌸 Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a  week.

March

- Speaks English fluently.
- Read and write  simple sentences
- Picture reading and picture description.

STD : 2

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

### ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടികൾ കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായി ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം, എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100 ൽ താഴെ).
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്തരീതിയിൽ പ്രയോജനപ്പെടുത്തൽ.

### ഇനങ്ങൾ

* 1, 2, 3, 4 . . .
  1, 3, 5, 7
  10, 20, 30, 40 . . .
  ഇടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.
* ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ ഇരട്ടിയായി ആകെ എണ്ണം പറയൽ.
* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ. (5+5=10, 10+10=20)

## ആഗസ്റ്റ്

* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നതാണ് 100.
* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂട്ടൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

* ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
* വിലവിവരപ്പട്ടിക തയ്യാറാക്കൽ

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ) 5,10,15,--- 5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം.

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ ഷീറ്റോ വെട്ടി തയ്യാറാക്കി എടുക്കൽ.
* നോട്ടുകൾ, നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ 10 രൂപ + 5 രൂപ = 15 രൂപ നോട്ട് നാണയം

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാവ്യാഖ്യാനം ഉറപ്പിക്കൽ.
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ).

## ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് ഉത്തരം കണ്ടെത്താൻ ശീലിക്കൽ.

## ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതലാ-പഠനം നടത്തൽ.
* ഉല്ലാസ ഗണിതം Materials ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളിലെ വ്യത്യാസം കണ്ടെത്തൽ
* കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

# അക്കാദമിക മാസ്റ്റർപ്ലാൻ - മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടികളുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

## പ്രവർത്തന പദ്ധതികൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

## ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
* വായനാ സാമഗ്രികൾ നിർമിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയിലൂടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
* ചിത്രവിവരണം.
* വായന ലെവലിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രീകരിക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.
* ചോദ്യങ്ങൾ ഉണ്ടാക്കൽ, വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മാർഗനിർദേശം നൽകുന്നു.

  ഉദാ: ആന
  വലിയ ആന
  കറുത്ത വലിയ ആന

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

* ഭാഷയിലെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിൻ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
* പാഠഭാഗ വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

## ഫെബ്രുവരി

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
* വീട്ടുവായന, കൂട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

# ACADEMIC MASTER PLAN

| June | July | August | September | October |
|---|---|---|---|---|
| Aim: To develop listening skills and reading skills. | Aim: To develop reading skills | Aim: To develop speaking skills | Aim: To develop writing skills | Aim: To develop reading skills |
| Action Songs, Language games self introduction | Conversations, skit stories use ICT picture reading | Picture description Riddles growing Sentence | Rhyming words Text book activities. | Describing words collect and read past tense |

| November | December | January | February | March |
| --- | --- | --- | --- | --- |
| Aim: To develop reading skills<br><br>Find words<br>Simple stories reading. | To develop writing skills<br><br>Make word web, picture description<br>Make riddles | To develop reading skills.<br><br>Assembly activities.<br>develop story | To develop writing skills<br><br>Add more lines<br>Notice proclamation<br>simple project | To develop reading, writing and listening skills.<br><br>Diary<br>letter |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി, വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | <u>എന്റെ അവധിക്കാലം</u><br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, ചിത്രങ്ങൾ) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | <u>ഭാഷാകേളി</u><br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മുതൽ | മലയാളം അധ്യാപകർ | |

Scanned by CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | • വിവിധ അക്ഷരങ്ങൾ ഉപയോഗിച്ച് കൂടുതൽ പദങ്ങൾ തയ്യാറാക്കൽ<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ - സെപ്റ്റംബർ | മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| 2. അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | വാർത്താലോകം<br>• ദിവസവും പത്രം വായിക്കുകയും പത്രവാർത്ത എഴുതുകയും ചെയ്യുന്നു. | എല്ലാ ദിവസവും | | PTA |

Scanned by CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | <u>വാർത്താവായന</u><br>• നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>• ക്ലാസ്സ് വാർത്തകളും സ്കൂൾ വാർത്തകളും തയ്യാറാക്കുന്നു. | പ്രതിമാസം | മലയാളം ക്ലബ് | മലയാളം ക്ലബ്, PTA |
| 3. സർഗാത്മക കഴിവുകൾ വികസിപ്പിക്കുക. | • കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം ക്ലബ്, PTA | വിവിധ ക്ലബുകൾ, PTA |

Scanned by CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. കലാവാസനകൾ പരിപോഷിപ്പിക്കൽ | • വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ് | വിവിധ ക്ലബുകൾ |
| | • കലാവാസനകൾ പരിപോഷിപ്പിക്കുന്നതിനായി സർഗവേള സംഘടിപ്പിക്കുന്നു. | എല്ലാ ആഴ്ചയും | മലയാളം ക്ലബ് | മലയാളം ക്ലബ് |

Scanned by CamScanner

# മേഖല : യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend Your Ear :- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രാപ്തമാക്കുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Follow Me If You Can ! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ വ്യത്യസ്ത ബോക്സുകളിൽ സൂക്ഷിക്കുന്നു. ഓരോ ബോക്സിനും നമ്പർ നൽകി നമ്പറെഴുതിയ ചീട്ടുകൾ നമ്പറിലുള്ള ബോക്സിനുള്ളിലെ വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. ചോദിച്ചിട്ട് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |

Scanned by CamScanner

| | | | | |
|---|---|---|---|---|
| 2) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാനും ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്താനും പ്രാപ്തരാക്കുന്നു. | I Too Can !!<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വ്യവഹാരരൂപങ്ങൾ പരിശീലിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണതയിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of Month നെ തെരഞ്ഞെടുക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| | My Droplets<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അങ്കണത്തിലും ക്ലാസ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun time Funda<br>കടംകഥകൾ, ക്വിസ് ചോദ്യങ്ങൾ, പദപ്രശ്നങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | നവംബർ. ഡിസംബർ | ഇംഗ്ലീഷ് അധ്യാപകർ | |

Scanned by CamScanner

വിഷയം സാമൂഹ്യശാസ്ത്രം അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാധ്യതകൾ |
|---|---|---|---|---|---|
| 1. | ഇന്ത്യൻ സംസ്ഥാനങ്ങൾ, കേരളത്തിലെ ജില്ലകൾ അറിവുകൾ പരിശോധിച്ച് നേടിയെടുക്കൽ | മാപ്പുകളും, ICT സാധ്യതകളും ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ പങ്കെടുക്കുന്നു. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

Scanned by CamScanner

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപര അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ | നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, മലനിരകൾ. അടിസ്ഥാനവിവരങ്ങൾ ICT ഉപയോഗിച്ച് നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യശാസ്ത്ര ക്ലബ് | |
| 5 | നിയമങ്ങൾ മനസ്സിലാക്കൽ പ്രവർത്തനത്തിൽ പരിശീലിക്കൽ | വിവിധ നിയമങ്ങളുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസുകൾ. വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ് | SRG |

Scanned by CamScanner

# ACADEMIC MASTER PLAN - UP
## ARABIC

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | സാമ്പത്തികം |
|---|---|---|---|
| അടിസ്ഥാന പരമായ ഭാഷാ ശേഷികൾ (Listening, Speaking Reading Writing) ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുക | | | |
| 1. അറബിന് ആദ്യമായി കുട്ടി തുടങ്ങേണ്ടത് ശബ്ദങ്ങളോട് (phonetics) ഇണങ്ങാനാണ് | അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ നടത്തുക. eg:- അറബി alphabet പഠിപ്പിക്കുന്ന രീതിയിലുള്ള പാട്ടുകൾ അവരെ കേൾപ്പിക്കുക. | ജൂൺ ↓ ആഗസ്റ്റ്. | |
| 2. പദസമ്പത്ത് വർധിപ്പിക്കൽ (Vocabulary Expansion) | അടിസ്ഥാനപരമായ അറബി വാക്കുകൾ നൽകിയും പരിചയപ്പെടുത്തിയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക | ജൂൺ ↓ മാർച്ച് | |

Scanned by CamScanner

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | സാധ്യതകൾ |
| --- | --- | --- | --- |
| 3. അഭിവാദന രീതി അറബി വാക്യങ്ങളും ഭാഷയിൽ express ചെയ്യാൻ കഴിയുക. | അറബിയിൽ صباح الخير ، صباح النور തുടങ്ങിയ ദൈനംദിന സംഭാഷണങ്ങൾ പ്രയോഗിക്കാൻ പരിശീലിപ്പിക്കുക<br>ചുറ്റുപാടിലെ വസ്തുക്കളുടെ പേരുകൾ അറബിയിൽ പറയാൻ പരിശീലിപ്പിക്കുക ഉദാ: ബോർഡ്, ബാഗ്, വീട് | August<br>September | |
| 4. വായനാശേഷി | അറബി വാക്യങ്ങൾ, വാക്കുകൾ എന്നിവ വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. അറബിയിലെ വായനാ കാർഡുകൾ നൽകുകയും ചെറിയ കുഞ്ഞുങ്ങൾക്ക് വായനാ ക്ലാസ് നൽകുക. കൂടാതെ ദിവസവും last പീരിയഡ് വായനക്കായി മാറ്റിവെക്കുക.<br>വായിക്കുമ്പോൾ തെറ്റുകൂടാതെ അക്ഷരങ്ങൾ ഉച്ചരിക്കുമ്പോൾ ആശയം മനസ്സിലാക്കി വായിക്കാൻ സാധിക്കണം<br>- വായനാ മത്സരം സംഘടിപ്പിക്കുക<br>- ക്ലാസിന് പുറമെ വായന<br>- വായനാ കുറിപ്പുകൾ തയ്യാറാക്കുക. | ഒക്ടോബർ<br>↓<br>ജനുവരി | |

Scanned by CamScanner

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | |
|---|---|---|---|
| 1) കുട്ടികളെ ലക്ഷ്യം വെച്ചുകൊണ്ട് എഴുതാനുള്ള കഴിവ് writing skill നേടുക. | കോപ്പി എഴുത്തുകൾ ചിത്രങ്ങളും ലഭിക്കുന്ന കുട്ടികൾക്ക് നൽകുകയും എഴുതാൻ അറിയാത്ത കുട്ടികൾക്ക് നോട്ട്ബുക്കിൽ എഴുതാൻ പരിശീലിപ്പിക്കുക. നോട്ടിലും ബോർഡിലും കുട്ടികളെ കൊണ്ട് എഴുതിപ്പിക്കുക. Dictation ആഴ്ചയിൽ 3 ദിവസങ്ങളിലും നടത്തുക. | ജൂൺ ↓ മാർച്ച് | |
| 2) ആശയവിനിമയ നൈപുണി കൈവരിക്കാൻ കഴിവ് നേടുക (speaking skill) | ക്ലാസ്സിൽ പഠിപ്പിക്കുന്ന ചെറിയ ചെറിയ കഥകൾ പറയാൻ പരിശീലിപ്പിക്കുക. പിന്നീട് അവരവർ തന്നിരിക്കുന്നതിൽ നിന്ന് സ്വന്തമായി പറയാൻ അവസരം ലഭ്യമാക്കുക | ഒക്ടോബർ ↓ മാർച്ച് | |
| 3. വിദ്യാർത്ഥികൾ പാലിക്കേണ്ട മൂല്യങ്ങൾ മനസ്സിലാക്കാനും അവ ജീവിതത്തിൽ ഉൾക്കൊള്ളാനും കുട്ടികളിൽ ഉളവാക്കുക. | ദിവസം പാഠഭാഗത്തിലെ വരുന്ന മൂല്യങ്ങൾ (Values) മനസ്സിലാക്കുന്നതിന് സഹായിക്കുന്ന പാഠഭാഗങ്ങൾ വീഡിയോ, സിനിമ, കഥ പോലുള്ള ഉദാഹരണങ്ങൾ കാണിക്കുക. | ഓഗസ്റ്റ് ↓ മാർച്ച് | |

Scanned by CamScanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | |
|---|---|---|---|
| 6) [illegible] അറബി ഭാഷാ [illegible] വികസിപ്പിക്കുക. | - അറബിക് അസംബ്ലി നടത്തുക. - [illegible] ക്ലാസുകളിൽ [illegible]. - [illegible] - അറബി രാജ്യങ്ങളുമായി ബന്ധപ്പെട്ട [illegible] ഉദാ:- ~~[illegible]~~ Arab speaking countries ന്റെ Names, coins, Languages, Flags എന്നിവ collect ചെയ്യുക... | ജനുവരി - മാർച്ച് | |
| 7) വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ (Basic Grammar) [illegible] കുട്ടികൾക്ക് പരിചയപ്പെടുത്തുക | [illegible] ലളിതമായി [illegible] പരിചയപ്പെടുത്തുക. [illegible] ഉദാഹരണങ്ങൾ [illegible] ചെയ്യുക | | |

Scanned by CamScanner

യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളും ഉറപ്പ് വരുത്തുന്നു. | <u>ഗണിത നിർമ്മാണശാല</u><br>കളിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ, മഞ്ചാടിക്കുരു - - - -) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | <u>ഗണിത ക്ലിനിക്</u><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട നിർദേശങ്ങൾ നൽകുന്നു.<br>പോരായ്മകൾ കണ്ടെത്തി അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 3. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിലേക്ക് ഉപയോഗപ്പെടുത്തുന്നു | <u>ഐ.ടി. സാധ്യത</u><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോണങ്ങൾ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളെ എളുപ്പത്തിൽ പഠിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു ദിവസം | ഗണിത അധ്യാപകൻ | |

Scanned by CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 4) കുട്ടികളിൽ ശുചിത്വ- ത്തെക്കുറിച്ചുള്ള ബോധം വളർത്തുക. | ശുചിത്വ നടത്തം. സ്കൂൾ ഗ്രൗണ്ടിന്റെ ചുറ്റുപാട് വൃത്തിയാക്കുന്ന പ്രവർത്തനം. | ആഗസ്റ്റ്/ സെപ്റ്റംബർ | ഗണിത അധ്യാപിക | |
| 5) കുട്ടികളിൽ പ്രശ്ന പരിഹാരത്തിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് | പസിൽ ദിനം. ഗണിത പസിലുകളിലൂടെ പ്രശ്നപരിഹാരശേഷി വർദ്ധിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു. | ഡിസംബർ | ഗണിത ക്ലബ്. | PTA |
| 6) കുട്ടികളിൽ നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്. | ഫീൽഡ് വിസിറ്റ്. മാർക്കറ്റിൽ നിന്നും സാധനങ്ങൾ വാങ്ങി, ഗണിത ക്രിയകൾ മനസ്സിലാക്കാനും വിശകലനവും ചെയ്യുന്നു. | ഫെബ്രുവരി | ഗണിത അധ്യാപിക | PTA |

Scanned by CamScanner

# ACADEMIC MASTER PLAN - UP
## BASIC SCIENCE

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | |
|---|---|---|---|
| ചുറ്റുപാടിനെ നിരീക്ഷിക്കുവാനും സവിശേഷതകൾ കണ്ടെത്തി രേഖപ്പെടുത്താനുമുള്ള അവസരം ലഭ്യമാക്കൽ. | | | |
| 1. <u>അറിയാം</u> പരിസരം | സ്കൂൾ, വീട് എന്നിവയുടെ പരിസരം നിരീക്ഷിച്ച് സസ്യജാലങ്ങൾ, ജീവജാലങ്ങൾ എന്നിവയെക്കുറിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ - ഡിസംബർ | |
| 2 ശാസ്ത്ര ആൽബം | 2. സ്കൂൾ, വീട് എന്നിവയുടെ പരിസരം നിരീക്ഷിച്ച് കായിക പ്രജനനം, ലൈംഗികപ്രത്യുൽപാദനം, വർഗസങ്കരണം എന്നിവ വഴിയുള്ള വിളകൾ തിരിച്ചറിഞ്ഞ് ചിത്രങ്ങൾ ശേഖരിച്ച് ശാസ്ത്ര ആൽബം നിർമിക്കുക. | ജൂൺ - ഡിസംബർ | |
| ശാസ്ത്രീയ പഠനത്തിനും പ്രയോഗത്തിനും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | | | |
| പരീക്ഷണക്കളരി | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ചെറുപരീക്ഷണങ്ങളിലൂടെ ക്ലാസുകൾ ആകർഷകമാക്കുന്നു. പരീക്ഷണകിറ്റുകൾ നിർമിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. പഠനോപകരണങ്ങൾ നിർമിക്കുന്നു. | ജൂൺ - മാർച്ച് | |

Scanned by CamScanner

| | | | |
|---|---|---|---|
| 2. ശാസ്ത്രവിസ്മയച്ചുവർ | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ച്ചുവർ ഓരോ ക്ലാസിലും നിർമിക്കുന്നു. | | |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ശാസ്ത്ര മനോഭാവം വളർത്തുക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ പഠിക്കുക.<br>3. എന്റെ ശാസ്ത്രലാബ് | സ്കൂൾ ശാസ്ത്രലാബ് സജ്ജമാക്കൽ, ലാബ് ഉപകരണങ്ങളുടെ പേര് പരിചയപ്പെടുത്തൽ, പ്രദർശിപ്പിക്കൽ. | ജൂൺ - മാർച്ച് | |
| ശാസ്ത്രപാർക്ക് | സ്കൂളിലെ ശാസ്ത്രപാർക്കിൽ ലഭ്യമായിട്ടുള്ള ശാസ്ത്ര ഉപകരണങ്ങൾ പരിചയപ്പെടലും കൈകാര്യം ചെയ്യാൻ പഠിക്കലും. | ജൂൺ - മാർച്ച് | |
| ജലപരിശോധന | സ്കൂളിൽ ലഭ്യമായിട്ടുള്ള ജലപരിശോധ കിറ്റ് ഉപയോഗിച്ച് ജലത്തിന്റെ pH, Alkalinity, chlorine എന്നിവ പരിശോധിക്കുന്നു. ജലത്തിന്റെ ശുദ്ധത ഉറപ്പ് വരുത്തുന്നു | ആഗസ്റ്റ് | |
| ശാസ്ത്ര വിഷയങ്ങളിൽ പഠനത്തിനും, അന്വേഷണത്തിനും കണ്ടെത്തലിനും വഴിതുറക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ | ജൂൺ - മാർച്ച് | |

Scanned by CamScanner

| | | | |
|---|---|---|---|
| | എന്നിവയുടെ വീഡിയോ പ്രദർശനം | | |
| ശാസ്ത്രദിനാചരണങ്ങൾ | ശാസ്ത്രദിനങ്ങൾ ആചരിക്കൽ, പോസ്റ്ററുകൾ തയ്യാറാക്കൽ, ശാസ്ത്ര ക്വിസ്, സെമിനാർ എന്നിവ സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | |
| | | | |

Scanned by CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# LP Arabic 2025-26

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| • തെറ്റുകൂടാതെ വായിക്കുവാനുള്ള കഴിവ് നേടുന്നു. | • അക്ഷരവായന | I – II | ജൂൺ-ജൂലൈ | അധ്യാപകൻ | അധ്യാപകൻ PTA |
| | • ക്ലാസ് വായന | I – II | ജൂൺ-ഫെബ്രുവരി | | |
| | • ചിത്രവായന | I – IV | " | | |
| | • ലൈബ്രറി വായന | III – IV | " | | |
| | • വീട്ടുവായന | I – IV | ജൂൺ-മാർച്ച് | | |
| | • കഥാവായന | I – V | " | | |
| | • വായനാ മത്സരങ്ങൾ | II-III-IV | ജൂൺ-മാർച്ച് | | |
| | • വാക്യങ്ങൾ ഉറപ്പിക്കൽ | I – IV | " | | |
| • അറബി ഭാഷ സംസാരിക്കുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | • കാർട്ടൂൺ പ്രദർശനം | I – IV | ജൂലൈ-മാർച്ച് | | |
| | • റോൾ പ്ലേ | I – IV | " | | |
| | • ലാംഗ്വേജ് ഗെയിംസ് | I – IV | " | | |
| • അറബി ഭാഷാ പഠനത്തിന്റെ പരിപോഷണം. | • അക്ഷരങ്ങൾ ഉറപ്പിക്കൽ | I – IV | ജൂൺ-മാർച്ച് | | |
| | • പദങ്ങൾ ഉറപ്പിക്കൽ | III – IV | " | | |
| | • ചിഹ്നങ്ങൾ ഉറപ്പിക്കൽ | I – II | " | | |
| | • അക്ഷരകാർഡ് നിർമ്മാണം | I – II | " | | |
| | • ചാർട്ടെഴുത്ത് | III – IV | ഒക്ടോബർ-മാർച്ച് | | |

# ACADAMIC MASTER PLAN

2025-2026

## ENGLISH

CLASS 3

learning objective 1

listens to instructions and engage in activities.

| Activities. | |
|---|---|
| - Give more chance to hearing instructions based on the day to day life and classroom.<br>- Show the pictures of action verbs<br>- Performing actions by hearing instruction and Commands | June |

Learning objective 2 Describe the pictures.

| Activities | |
|---|---|
| - The teacher shows a picture<br>- Discussion<br>- The children talk about the picture<br>- slow learners :- Gives opportunity to express their ideas in malayalam | June - July |

# ACADEMIC MASTER PLAN

CLASS 4

ENGLISH

TOPIC : ACADEMIC

(BASED ON UNIT 1 AND 2)

# OBJECTIVES

- To encourage active listening and speaking skills.
- To develop an English atmosphere that the children are engaging.
- To expand vocabulary for improved communication and comprehension.
- Ensure fluency in reading and writing.
- To equip students with effective written communication skills.
- To establish a solid understanding of language elements
- To develop a love for reading and literature.
- To develop children's own stories and drafting books.
- To apply the language in day today life.

| SL No. | Name | Description | Period |
|---|---|---|---|
| 1. | English challenge | WE CAN - Creates an English atmosphere. Speak simple English sentences frequently. Uses simple questions and lead to jokes. Prepare some story cards and short videos of it's reading. Share them in Watsapp group. Celebrate a day in a week as English day.<br>Paste some English words on walls, doors shelf, benches, desks, tables etc.<br>Makes use of some action songs and games also | June to March |
| 2. | English assembly | Listening - Teacher talk, Speaking - Prayer pledge, news, riddles, diary quotes of eminent leaders, reader's theatre etc. | June to March |

| | | | |
|---|---|---|---|
| 3 | Speech bubbles | Give chance for filling speech bubbles – eg- Isaac and Dilna. Gives more chances in the next coming units also | From June 2nd week onwards |
| 4 | MEW | New words are introducing through pictures and appropriate sentences in different context to get it's meaning. Students have to keep them in notebooks as My English World | June to March |
| 5 | Read and rejoice | Tells simple English stories with proper actions and voice modulation. Gives more stories having great values like brave, unity, kindness honesty etc. for reading. | Once in a week |
| 6 | Picture diary | Experience sharing and writing diary with suitable pictures | From the end of june to March |
| 7 | Hai English (English club) | Various club activities. Eg - Reader's theatre | July to February |
| 8 | My notice | Exhibits model notices. Leads to discussion and prepare school notices about major activities | June last week |
| 9. | Digi task | Teacher and students are calling each other through mobile phone. Shares feelings, events, thoughts in English | Frequently |
| 10. | Picture dictionary | At the end of each unit collect words, reorder them and create a picture dictionary. | At the end of each unit |

| | | | |
|---|---|---|---|
| 11 | Creative space | Provide students with a set of story-related pictures. They should sequence events and develop a meaningful story based on them | Sargavela pariade |
| 12 | Description | Gives different pictures to prepare a description | July |
| 13 | Riddles, riddles... | Teacher asks some riddles, eliciting peculiarities of a riddle and gives 'riddles making' as a group work. | July |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പരിസരപഠനം

മേഖല - അക്കാദമികം  ക്ലാസ് - IV

ഉപമേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം അറിവ്, നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രകൃതി നടത്തം സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| **ശാസ്ത്രമേള** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG CPTA Class Teacher | PTA SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ അന്വേഷണാത്മക പ്രവർത്തനങ്ങൾ | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, [illegible] മേഖലകൾ [illegible] സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ - ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുവർ** | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ചാർട്ട്, [illegible] പഠനോപകരണം പതിപ്പുകൾ ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലാസ് ടീച്ചർ | PTA |

ANP - Class-3

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗുണന വസ്തുക്കൾ നേടൽ | മഞ്ചാടിമണി മനക്കണക്കുകൾ | ഡിസംബർ - ജനുവരി | അധ്യാപകർ കുട്ടികൾ | ഇല്ല. |
| ഗണനക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. 1ന്റെ പെരുക്കം | ഫെബ്രുവരി - മാർച്ച് | അധ്യാപകർ കുട്ടികൾ | ഇല്ല. |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക് | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | | | | |
| സർഗോത്സവം കലാവതരണം കലാ ഉപകരണങ്ങൾ ഉയർന്ന പ്രദർശനം | | വർഷത്തിൽ ഒരിക്കൽ | SRG CPTA CLASS TEACHER | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | | | HM | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം. | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | | | | |
| രുചിച്ചറിയാം<br><br>ഭക്ഷ്യമേള – പച്ചക്കറി [illegible]ടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസ്സിലൊരു സദ്യ | നമ്മുടെ പഴയ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ PTA | |

അക്കാദമിക

മാസ്റ്റർ പ്ലാൻ CLASS IV

2025 - 2026

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നവരെ | SRG, ക്ലാസ്ടീച്ചർ | |
| ആവശ്യമായ പഠനസാമഗ്രി ഒരുക്കൽ | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ക്ലാസ്വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ മലയാളം.

ലക്ഷ്യം: നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടേയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
* സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
* സാമൂഹികവും പരിസ്ഥിതികവുമായ അവബോധം വളർത്തൽ
* സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
* കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| വായന കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം | | | CPTA. | |
| പുഴുതാരം തെളിയാര | എഴുത്ത് പരിപോഷിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരൻമാരെ അടുത്തറിയൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തി |
|---|---|---|---|---|
| സാഹിത്യകാരൻമാരുടെ ജനന ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം ക്വിസ്, ലഘുപ്രഭാഷണം. ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം | സാഹിത്യകാരൻമാരെ അടുത്തറിയൽ ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| കലണ്ടർ | പാഠഭാഗവുമായി ബന്ധപ്പെട്ട ദിനങ്ങൾ ഓർത്തിരിക്കാൻ | വർഷത്തിന് ഒന്ന് | SRG, CPTA Class Teacher. | PTA |

Academic Master Plan - Class - 5

## പരിസരപഠനം

| വിഷയം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുക. പ്രത്യേകതകൾ, സാമൂഹിക വിന്യാസങ്ങൾ കണ്ടെത്തൽ. | സസ്യങ്ങളെ തരംതിരിക്കൽ, മരങ്ങൾ, കുറ്റിച്ചെടികൾ വർഗ്ഗീകരണം സസ്യങ്ങളുടെ വളർച്ച [illegible] സ്കൂളിലും വീട്ടിലും പൂന്തോട്ട നിർമ്മാണം ജൈവ വൈവിധ്യ ഉദ്യാനം | ജൂൺ - ജൂലായ് | അധ്യാപകർ | ഇല്ല. |
| പ്രകൃതി സംരക്ഷണം | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്റർ സ്ഥാപിക്കുക. വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മ സേനക്ക് കൈമാറൽ | ആഗസ്റ്റ് - ഒക്ടോബർ | അധ്യാപകർ PTA ഹരിതകർമ്മ സേന. | PTA |

AMP - Class - 3

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ, ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം അഭിരുചി വളർത്തൽ | ആവാസ വ്യവസ്ഥകൾ തിരിച്ചറിയാം - Field trip. ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച. പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടൽ - Documentary പ്രദർശനം ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. | ജൂലൈ - ഡിസംബർ | അധ്യാപിക | PTA |
| കുട്ടികളെ വൃത്തിയുള്ള പരിസര ശുചിത്വം ഉള്ളവരാക്കി മാറ്റൽ | • ജൈവ കൃഷികൾ - പരിപാലനം<br>• പോസ്റ്റർ നിർമ്മാണം<br>• ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിന്റെ വിവിധ ഭാഗങ്ങളിൽ പതിക്കൽ | സെപ്തംബർ - ജനുവരി | അധ്യാപകർ കുട്ടികൾ | ഇല്ല. |
| ശാസ്ത്ര താൽപര്യം അഭിരുചി. | - ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങൾ. | ഡിസംബർ - ഫെബ്രുവരി | അധ്യാപകർ കുട്ടികൾ | PTA |

Academic Master Plan. Class - 3

## Maths

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 1. ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകൽ | ഈർക്കിൽ, കമ്പ്, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ- ജൂലൈ | അധ്യാപകർ PTA | ഇല്ല |
| 2. 999 വരെയുള്ള സംഖ്യകളെ വിന്യസിച്ച രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാ പാറ്റേണുകൾ- · നാണയങ്ങൾ, മഞ്ചാടികൾ · പാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകർ | ഇല്ല. |
| 3. എണ്ണൽ കളികളിലൂടെ സംഖ്യാബോധം ഉറപ്പാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ എണ്ണിക്കൽ | സെപ്റ്റംബർ | അധ്യാപകർ കുട്ടികൾ | ഇല്ല. |
| 4. സങ്കലന- വ്യവകലന ക്രിയകൾക്ക് പ്രാധാന്യം | മനക്കണക്കുകൾ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ- നവംബർ | അധ്യാപകർ | ഇല്ല. |

ANP - Class-3

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉരുണ്ട വസ്തുക്കൾ നേടൽ | മഞ്ചാടിമണി മാങ്ങാണ്ടികൾ | ഡിസംബർ - ജനുവരി | അധ്യാപകർ കുട്ടികൾ | ഇല്ല. |
| : ഗണനക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | · നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. ICT ഉപയോഗം | ഫെബ്രുവരി - മാർച്ച് | അധ്യാപകർ കുട്ടികൾ | ഇല്ല. |

സംസ്കൃതം

അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ് 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം.<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാലാ പ്രദർശനം<br>• അക്ഷര മാലാ കളികൾ<br>• അക്ഷര മരം നിർമ്മിക്കൽ<br>• കാർഡുകൾ പ്രദർശനം<br>• പദ്യങ്ങളും കഥകളും കേൾപ്പിക്കൽ | ജൂൺ - ജൂലൈ | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക. |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | റിസോഴ്സ് അധ്യാപിക |
| 2. വീട് ഒരു പരീക്ഷണശാല<br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റം- ഒക്ടോബർ | സംസ്കൃത നിഘണ്ടു. | |
| 3. വായനാലോകം<br>[കുട്ടികളെ വായനാ ലോകത്തേക്ക് കൊണ്ടു വരാൻ] | • തിരഞ്ഞെടുത്ത ലഘുവായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | • ഏതോ സംസ്കൃതം പഠിയ്ക്കിലും അടുത്ത ആഴ്ച് വിസിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദി-ക്കുക. | | | |
| 4. കുറിക്കുലം ലക്ഷ്യം വെയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | • ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണ നിർമാണം.<br>• കലണ്ടർ നിർമാണം.<br>• ഗൃഹ സന്ദർശനം.<br>• പഠന യാത്ര. | ജൂൺ - മാർച്ച് | ചാർട്ട്<br>ചിത്രം<br>ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 5. ഭാഷാ പരിമിതികൾക്ക് പരിഹാരങ്ങൾ | • അക്ഷരമാല കാർഡുകൾ വായിക്കാൻ നൽകുന്നു.<br>• ചെറു വാക്യ ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യ പേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | ടീച്ചേഴ്സ് അധ്യാപിക. |
| 6. ആസ്വാദന ക്ലാസ് ഭാഷാ കുട്ടികളുടെ ആസ്വാദന ശേഷി വർദ്ധിപ്പിക്കാനും സർഗ്ഗാത്മക നിലവാരം മെച്ചപ്പെടുത്താനും വേണ്ടി | • നാടകം കവിത ഇവയിലൂടെ വിവിധ ഭാഷണത്തിന് അവസരം നൽകുന്നു.<br>• സർഗ്ഗാത്മക പ്രവർത്തനം. കുട്ടികളുടെ കഴിവുകളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ ആസ്വാദന സഭ ചേരുന്നു.<br>ഇതിൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകാം. | 5 മാസം | സംസ്കൃത ക്ലാസ് റൂം. | ടീച്ചേഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 7. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹ സന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 8. ക്ലാസ് റൂം ആകർഷകവും ഉപയോഗപ്രദമാക്കുന്നതിന്. | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| | | | |
|---|---|---|---|
| | JUNE TO AUGUST | ഭൗതികം | പിന്തുണ |
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരമാലയെഴുത്ത്<br>ദിനം ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ഈ class-ൽ അക്ഷരമാല പ്രദർശനം<br>വാക്കുകൾ എഴുതിയ കാർഡുകൾ<br>വാക്കുകൾ നിർമ്മാണം<br>വാക്യനിർമ്മാണം | അക്ഷരചാർട്ട്<br>പാഠപുസ്തകം | Resource Teachers |
| വീട് ഒരു പരീക്ഷണശാല<br>കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയൽ | Sept - to October<br>ഗൃഹോപകരണങ്ങളുടെ ചിത്രമുള്ള വസ്തുക്കൾ ഇട പട്ടിക ഹിന്ദിയിൽ<br>CWSN കുട്ടികളുടെ പങ്കാളിത്തം | ഹിന്ദിനിഘണ്ടു | — |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും<br>സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം. | Nov. to Feb.<br>ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ<br>ക്ലാസ് ലൈബ്രറി<br>ചിത്രസഹായങ്ങളോടെ വിവരണം തയ്യാറാക്കൽ<br>വായനമൂല<br>ഹിന്ദിയിലെ പത്രവാർത്തകൾ | പുസ്തകങ്ങൾ | BRC |